# വനവൽക്കരണത്തിന്റെ മറവിൽ വനം വെട്ടാനുള്ള നീക്കം ശക്തമായി നേരിടും: ആദിവാസി ഫെഡറേഷൻ

സുൽത്താൻ ബത്തേരി:വയനാട്ടിലെ സ്വാഭാവിക വനം വെട്ടിനശിപ്പിച്ച് സാമൂഹ്യവനവൽക്കരണം നടത്താനുള്ള നീക്കത്തെ ശക്തമായി നേരിടുമെന്ന് വയനാട് ആദിവാസി ഫെഡറേഷൻ മുന്നറിയിപ്പ് നൽകി. സാമൂഹ്യവനവൽക്കരണത്തിന്റെ പേരിൽ വനത്തിൽ നിന്നും വൻതോതിൽ മരങ്ങൾ വെട്ടിവിൽക്കുന്നു.ജില്ലയിൽ സാമൂഹ്യവനവൽക്കരണത്തിനായി സർക്കാർ ലോകബാങ്കിൽ നിന്നും 91കോടി രൂപ കടമെടുത്തിട്ടുണ്ട്.കോടിക്കണക്കിന് രൂപ ധൂർത്തടിക്കാനുള്ള ഈ ആസൂത്രിത നീക്കത്തിനെതിരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ഫെഡറേഷൻ ആവശ്യപ്പെട്ടു.

തേക്ക്,വീട്ടി,മാവ്,പ്ളാവ്,കാറ്റാടി, അക്കേഷ്യ,മരുത്,താളി,സിൽവർ റോക്ക്,ഓക്ക് തുടങ്ങിയ മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിന് ഒരു തൈ ഒന്നിന് അഞ്ച് വർഷ പരിചരണ ചിലവായി 750രൂപ ചിലവഴിക്കണം.എന്നാൽ ചെടി നട്ട് നാളുകൾ കഴിയുമ്പോൾ ഒന്നും അവശേഷിക്കാറില്ല. സ്വാഭാവികവനത്തെ അതേപടി നില നിർത്തി സാമൂഹ്യവനവൽക്കരണം നടത്തി വനമേഖലയിലെ ആദിവാസികൾക്ക് 100 ശതമാനം ജോലി ഉറപ്പു വരുത്താൻ അധികൃതർ തയ്യാറാവണമെന്ന്. ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് സി.കെ.മാധവൻ ആവശ്യപ്പെട്ടു.